# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1588/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 04/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഓയിംസിൽ)
2.അസിസ്റ്റൻറ് ഡവലപ്മെന്റ് കമ്മീഷണർ,കണ്ണൂർ,ഇ മെയിൽ വഴി
3.കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.6/1588/22 തീയ്യതി: 04/02/2023

## കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-03-2022 മുതൽ 22-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.രമണി കിഴക്കീൽ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.പ്രമോദ്.കെ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.പ്രമീള.പി.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.ആർ നാഥ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.സീമ സഹദേവൻ | കൃഷി അസിസ്റ്റൻറ് ഡയരക്ടർ | 01-04-2021 | 31-03-2022 |
| ഡോ.മായ | മെഡിക്ക**ൽ** ഓഫീസർ,സി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീരാഗ്.എം.പി | അസ്സിസ്റ്റന്റ് എഞ്ചിനീയ**ർ,** | 01-04-2021 | 28-11-2021 |
| ശ്രീമതി.ശബ്നം.കെ | അസ്സിസ്റ്റന്റ് എഞ്ചിനീയ**ർ,** | 29-11-2021 | 31-03-2022 |
| ശ്രീമതി.നിഷ പാലത്തടത്തിൽ | ശിശു വികസന പദ്ധതി ഓഫീസർ . അഡീഷണൽ . | 01-04-2021 | 02-11-2021 |
| ശ്രീമതി.സുജയ. .വി.കെ | ശിശു വികസന പദ്ധതി ഓഫീസർ , അഡീഷണൽ | 03-11-2021 | 31-03-2022 |
| ശ്രീമതി.ഷീജ.വി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജീന.സി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ് കുമാർ നരിക്കോടൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 06-02-2022 |
| ശ്രീമതി.ലിജി.കെ.സി | വ്യവസായ വികസന ഓഫീസർ | 07-02-2022 | 31-03-2022 |
| ശ്രീ.ജയൻ എൻ.വി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രശ്മി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 25-10-2021 |
| ശ്രീ.ദിലീപ് കുമാർ കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻചാർജ്ജ്) | 25-10-2021 | 31-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി നിഷ വി.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | വാടക കെട്ടിടങ്ങളുടെ മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ . | 1-8 |
| 10 | കാലാവധി ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-9 |
| 11 | തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-10 |
| 12 | ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.₹1770 തടസ്സപ്പെടുത്തുന്നു. | 1-11 |
| 13 | പാലിയേറ്റീവ് കെയർ - ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹892781 തടസ്സപ്പെടുത്തുന്നു | 1-12 |
| 14 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന് പൊതു ശ്മശാനം -ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തടസ്സം - ₹2575000 | 1-13 |
| 15 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല | 1-14 |
| 16 | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക₹300000, ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറിക്ക് ധനസഹായം- ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ്- ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 19 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അഡീഷണൽ പ്രൊജക്ട് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-18 |

| | | |
|---|---|---|
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-19 |
| 21 | CHCയിലേക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-20 |
| 22 | തുടർ സാക്ഷരതാ പരിപാടി - രശീത് ഹാജരാക്കിയില്ല | 1-21 |
| 23 | അസറ്റ് മാനുലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. | 1-22 |
| 24 | ചാല ഹയർ സെക്കണ്ടറി സ്കൂളിൽ ടോയിലെറ്റ് ബ്ലോക്ക് നിർമ്മാണം- ബന്ധപ്പെട്ട രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 25 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-24 |
| 26 | ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-₹91800 തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | എടക്കാട് ക്ഷീരവികസന ഓഫീസിൽ ഇൻവർട്ടർ സ്ഥാപിക്കൽ - 85000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 28 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം / രേഖകൾ ഹാജരാക്കിയിട്ടില്ല | 1-27 |
| 29 | പാലിന് സബ്സിഡി -മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. | 1-28 |
| 30 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-29 |
| 31 | കൈമാറി കിട്ടിയ സ്ഥാപനങ്ങൾ സബ്സിഡിയറി ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

എടക്കാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2021-22വർഷത്തെ ബജറ്റ് 19-02-2021തീയ്യതിയിലെ ഭരണ സമിതി തീരുമാനം നമ്പർ 1/21തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30-03-2022തീയതിയിലെ 1/21-22നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 17150600 | 17150600 |
| വരവ് | 174816000 | 175598531 |
| ആകെ | 191966600 | 192749131 |
| ചെലവ് | 173805000 | 174587531 |
| നീക്കിയിരിപ്പ് | 18161600 | 18161600 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 23-05-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ Capital Contribution ഇനത്തിൽ 2020-21 ൽ രേഖപ്പെടുത്തിയ തുകയും 2021-22ൽ രേഖപ്പെടുത്തിയ തുകയും 69912095 രൂപയാണ്. ഇപ്രകാരം മുന്നിരിപ്പിലും നീക്കിയിരിപ്പിലും വ്യത്യാസമില്ലാതെ ഒരേ സംഖ്യവരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

2.വികസനഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 31.03.2022 ലെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും (6286385 രൂപ) വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-17 ലെ നീക്കിയിരിപ്പും (6268235രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3- സ്ഥിരാസ്തിയിലെ B- 11 ഷെഡ്യൂളിൽ ഭൂമി മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

4. B-9 ഷെഡ്യൂൾ പ്രകാരം മറ്റു ബാധ്യതകൾ എന്ന ശീർഷകത്തിൽ 3562 രൂപ Value Added Tax ബാധ്യതയായി കാണിച്ചിട്ടുണ്ട്.GST വന്നതിന് ശേഷവും ഇപ്രകാരം Value Added Tax സമയബന്ധിതമായി ഒടുക്കാതെ ബാധ്യതയായി നിലനിൽക്കുന്നു.

5. Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) ഹാജരാക്കിയിട്ടില്ല.

6-ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകകളുടെ ഓരോ ഡെപ്പോസിറ്റിന്റേയും ഇനം തിരിച്ച വിവരം രജിസ്റ്ററിൽ ലഭ്യമല്ല.

7.മുൻകൂർ രജിസ്റ്റർ, കുടിശ്ശിക വാടക വരവ് രജിസ്റ്റർ എന്നിവയുടെ ഡി സി ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

9. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62ഇ പ്രകാരം വാർഷിക കണക്കിൽ, അക്കൗണ്ടുകൾക്കുള്ള കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ല.

10.I-18 ഷെഡ്യൂളിലെ Prior Period-Operations And Maintenence Expenses-Prior Period-Programme Expenses ഇനത്തിൽ രേഖപ്പെടുത്തിയ 222222 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ടായി ലഭിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16942776 |
| വരവ് | 45773173 |
| ആകെ | 62715949 |
| ചെലവ് | 54009215 |
| നീക്കിയിരിപ്പ് | 8706734 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 3946351 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 18729931 | 18729931 | 17870000 | 16942931 |
| വികസന ഫണ്ട് എസ്.സി.പി | 0 | 2994000 | 2994000 | 2994000 | 0 |
| മെയിന്റനൻസ് നോൺറോഡ് | 0 | 8899797 | 8899797 | 5445593 | 3454204 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | 0 | 12215839 | 12215839 | 5947604 | 6268235 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 2575000 | 2575000 | 2575000 | 0 |
| ശുചിത്വം | 5,37,749 | 27439 | 565188 | 0 | 565188 |
| നിർമ്മൽ പുരസ്കാർ | 4,06,710 | 0 | 4,06,710 | 0 | 406710 |
| ഐസി ഡി എസ് | 896778 | 0 | 896778 | 0 | 896778 |
| കേരളോ ത്സവം | 116577 | 3537 | 120114 | 0 | 120114 |
| സ്പെസി ഫിക് പർപ്പസ് (MGNREGA-മേറ്റ് പരിശീലനം, ധനകാര്യ കമ്മീഷൻ വരവ് & മറ്റ് വരവുകൾ) | 1,48,631 | 59115 | 207746 | 58720 | 149026 |
| ഐ എ വൈ-ഗ്രാമ പഞ്ചായത്ത് വിഹിതം | 13,44,666 | 39057 | 1383723 | 1196000 | 187723 |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ-<br>ജില്ലാ പഞ്ചായത്ത് വിഹിതം | 941683 | 0 | 941683 | 941683 | 0 |
| ഐ എ<br>വൈ-ഗ്രാമ പഞ്ചായത്ത് വിഹിതം | 143918 | 0 | 143918 | 143918 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 75 | 51715530 | 54 | 33307526 | 17 | 21 | 37 | 68.5 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 20 | 12 | 16633301 | 9390305 | 56.45 |
| 2 | കൃഷി അസി ഡയരക്ടർ | 5 | 5 | 1165362 | 1165362 | 100 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി ) | 12 | 9 | 9692356 | 7629986 | 78.72 |
| 4 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | 317100 | 287100 | 90.53 |
| 5 | അസിസ്റ്റൻറ് എഞ്ചിനിയർ | 14 | 7 | 7729201 | 4296675 | 55.59 |
| 6 | ശിശു വികസന പ്രോജക്ട് ഓഫീസർ | 10 | 9 | 3548770 | 3089298 | 87 |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 5 | 4 | 1325640 | 1265000 | 95.42 |
| 8 | വ്യവസായ വികസന ഓഫീസർ | 2 | 1 | 1400000 | 600000 | 42.85 |
| 9 | ക്ഷീര വികസന ഓഫീസർ | 5 | 5 | 9903800 | 5583800 | 56.38 |
| | ആകെ | 75 | 54 | 51715530 | 33307526 | 64.40 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ ജീവനക്കാരുടെ യോഗം കൃത്യമായ ഇടവേളകളിൽ ചേരുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഓഫീസിലെ റജിസ്റ്റർ സൂക്ഷിപ്പ് കുറ്റമറ്റതല്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുവാൻ റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഡെപ്പോസിറ്റിന്റേയും ഇനം തിരിച്ച വിവരം രേഖപ്പെടുത്തുന്നില്ല. മുൻകൂർ രജിസ്റ്റർ, കുടിശ്ശിക വാടക വരവ് രജിസ്റ്റർ എന്നിവയുടെ ഡി സി ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക ഇനത്തിലെ കുടിശ്ശിക തുക ഓരോ വർഷവും വർദ്ധിച്ച വരുന്നസാഹചര്യത്തിൽ. ആയത് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2022 ന് രാവിലെ 11.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-8 വാടക കെട്ടിടങ്ങളുടെ മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ .

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ വാടക മുറികളുടെ എണ്ണം അറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/2021-22/26.10.2022) നൽകിയ മറുപടിയിൽ 21 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും, കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റിലെ ഒഴിഞ്ഞു കിടന്നിരുന്ന 9 മുറികളും, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന് താഴെ ഒഴിഞ്ഞു കിടന്നിരുന്ന ഒരു മുറിയും, 25.6.2022, 30.6.2022, 6.10.2022 എന്നീ തീയ്യതികളിൽ ലേലം ചെയ്തപ്പോൾ. കൊയ്യോട് മിനി വ്യവസായ എസ്റ്റേറ്റിലെ 5 മുറികളും, ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന് താഴെ ഒഴിഞ്ഞു കിടന്നിരുന്ന 1 മുറിയും ലേലത്തിൽ പോയിട്ടുണ്ടെന്നും, അവശേഷിക്കുന്നവ പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

വാടക കെട്ടിടങ്ങൾ സംബന്ധിച്ച മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിന്നും കോയ്യോട് മിനി വ്യവസായ എസ്റ്റേറ്റിലെ 17/327 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ എം.പി അയ്യപ്പൻകുട്ടി എന്നയാൾ 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെയും, 17/326J നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീപി.കെ രഗിതേഷ് എന്നയാൾ8/2020മുതൽ 3/2022 വരെയുമുള്ള മാസങ്ങളിലെയും വാടക ഒടുക്കിയിട്ടില്ല.

2.കോയ്യോട് മിനി വ്യവസായ എസ്റ്റേറ്റിലെ താഴെപറയുന്ന വാടകക്കാർ 2021-22 വർഷത്തെ വാടക ഒടുക്കിയിട്ടില്ല.

| ക്രമനമ്പർ | കെട്ടിടനമ്പർ | വാടകക്കാരന്റെ പേര് | മാസവാടക |
|---|---|---|---|
| 1 | 17/356,357 | വി. സബ്ലാസ് | 6437 |
| 2 | 17/361 E | സന്ധ്യ. കെ | 5255 |
| 3 | 17/361 F | സന്ധ്യ .കെ | 3008 |

മുകളിൽ പരാമർശിച്ച ക്രമനമ്പർ 2,3-ലെ സന്ധ്യ കെ എന്നയാൾ 2018-19 മുതൽ2021-22 സാമ്പത്തിക വർഷം വരെയുള്ള വാടക ഒടുക്കിയിട്ടില്ല.

3.ചക്കരക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 876 ാം നമ്പർ മുറി ശ്രീ വിനോദൻ.സി.കെ. എന്നയാൾ 2019-20 വർഷം മാസവാടക 6505 രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്. ആയത് ഭരണസമിതിയുടെ 12.11.2019 തീയതിയിലെ 8/(1)19 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 06.02.2020 തീയതി ടിയാനുമായി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാൾ 2019-20,2020-21,2021-22 വർഷം വാടക ഒടുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2021-22/28.10.2022) നൽകിയ മറുപടിയിൽ മുകളിൽ പരാമർശിക്കപ്പെട്ട വ്യക്തികളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാർഷിക ധനകാര്യപത്രിക പ്രകാരം 31.3.2022 വരെ മുൻ വർഷങ്ങളിലേതുൾപ്പെടെ വാടകയിനത്തിൽ 1374142 രൂപ കുടിശ്ശികയുണ്ട്. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ വ്യക്തികളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വാടക രജിസ്റ്ററിൽ മുഴുവൻ വാടക കെട്ടിടങ്ങളുടെയും, എഗ്രിമെന്റ് തീയ്യതി, കെട്ടിട നമ്പർ, വിസ്തീർണ്ണം, വാടക തുക എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്. കുടിശ്ശിക തുക ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

കൂടാതെ കെട്ടിടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ ഖണ്ഡിക 19 പ്രകാരം മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തുന്നവരുടെ മുറി തുടർന്ന് ഉപയോഗിക്കുന്നതിനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ടെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ കുടിശ്ശിക വരുത്തുന്ന വ്യക്തികൾക്ക് നോട്ടീസ് നൽകി മുറി തിരിച്ചെടുക്കുകയോ പുനർലേലം നടത്തി മുറി നൽകുകയോ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-9 കാലാവധി ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും,2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| വർഷം | 2017-18 നീക്കിയിരിപ്പ് | 2018-19 നീക്കിയിരിപ്പ് | 2019-20 നീക്കിയിരിപ്പ് | 2020-21 നീക്കിയിരിപ്പ് | 2021-22 നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Contractor's Earnest Money Deposit | 45850 | 45850 | 45850 | 45850 | 45850 |
| Bidder"s Earnest Money Deposit | 30000 | 30000 | 30500 | 30500 | 30500 |
| Contractor's Security Deposit | 2800 | 2800 | 2800 | 2800 | 2800 |
| Other Deposit | 331486 | 331486 | 417183 | 417183 | 417183 |

ഇപ്രകാരം മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/2021-22 തീയതി 29.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ പാലിക്കേണ്ടതാണ്.

## 1-10 തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

| ക്രമ നം. | ചെക്ക് നം., തീയതി & തുക | അനുവദിച്ചതുക (₹) | ഇനം | അപാകം |
|---|---|---|---|---|
| 1 | 5963964/ 14.2.2022 ₹14548 | 5900 | ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ്ജ് നൽകിയത് | ഓഫീസിൽ നിന്ന് തന്നെ ഫയൽ ചെയ്യാവുന്ന സാധ്യതകൾ പ്രയോജനപ്പെടുത്താതെ ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നതിന് ജേക്കബ് & ജോർജ്ജ്, ചാർട്ടേഡ് അക്കൌണ്ടന്റ്മാർക്ക് തുക നൽകി |
| | 5963966/ 2.3.2022 ₹20844 | 5900 | | |
| | 5963975/ 26.3.2022 ₹131755 | 14160 ആകെ – ₹25960 | | |
| 2 | 5963942/ | 33601 | എടക്കാട് ബ്ലോക്ക് | രശീതി |

| | | | | |
|---|---|---|---|---|
| | 21.10.2021 ₹65848 | | പഞ്ചായത്തിന്റെ അധീനതയിലുള്ള കോയ്യോട് മിനി എസ്റ്റേറ്റ് കേന്ദ്രത്തിലെ 11 കെട്ടിടങ്ങളുടെ 2021-22 വർഷത്തെ വസ്തു നികുതി അടവാക്കിയത് | ഹാജരാക്കാത്തതിനാൽ കെട്ടിടത്തിന്റെ ഉടമസ്ഥവകാശം ആരുടെ പേരിലാണെന്ന് വ്യക്തമല്ല |
| 3 | 5963926/ 27.2.2021 | 23250 | സാക്ഷരതാ പ്രേരകിന് 2020 ഡിസംബർ, 2021 ഫെബ്രുവരി, മാർച്ച് മാസം നൽകിയ ഹോണറേറിയം | സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ഇല്ല |
| 4 | 5963910/ 17.5.2022 | 500000 | വാക്സിൻ ചലഞ്ചിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത് | കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല |

അപാകങ്ങൾക്ക് വിശദീകരണം/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/31,10.2022, 31/31.10.2022) ക്രമ നം. 3,4 എന്നിവയുടെ കൈപ്പറ്റ് രശീതി ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ക്രമ നം. 1,2ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം/ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11 ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.₹1770 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പ്രൊജക്ട് ഓഫീസർ. (അഡീഷണൽ) എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 27/22 |
| പ്രൊജക്ടിന്റെ പേര് | ഐ.സി.ഡി.എസ്.എടക്കാട് -അഡീഷണൽ ദൈനംദിന ചെലവുകൾ. |
| അടങ്കൽ | ₹35000(മെയിന്റനൻസ് ഫണ്ട്റോഡിതരം) |
| ചെലവ് | ₹34126 (മെയിന്റനൻസ് ഫണ്ട്റോഡിതരം) |

മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 34126-രൂപയിൽ 24.8.2021-ലെ ബിൽ നം.2/2021-22-ൽ ഉൾപ്പെട്ട 1770(3670-ൽ ഉൾപ്പെട്ട തുക)രൂപ ജേക്കബ് ആന്റ് ജോർജ്ജ് എന്ന സ്ഥാപനത്തിന്റെ 065707300000119 എന്ന അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2021-22/26.10.2022) നൽകിയ മറുപടിയിൽ ചെലവ് സംബന്ധിച്ച് രേഖകൾ എത്രയും വേഗം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 പാലിയേറ്റീവ് കെയർ - ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹892781 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ | മെഡിക്കൽ ഓഫീസർ, സാമൂഹ്യ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | ആരോഗ്യ കേന്ദ്രം, ഇരിവേരി |
| പ്രോജക്ട് നം. & പേര് | 23/2022, പാലിയേറ്റീവ് കെയർ - ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹899875 (വികസന ഫണ്ട്) |
| ചെലവ് | ₹892781 |

സാന്ത്വന പരിചരണം ശക്തിപ്പെടുത്തുന്നതിനായി ചെമ്പിലോട്, കടമ്പൂർ, മുണ്ടേരി, പെരളശ്ശേരി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിനായി ₹899875 വകയിരുത്തിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതി ചെലവ് ₹892781 ആണ്. ഓരോ പഞ്ചായത്തിനും അനുവദിച്ച തുക, ബില്ലിന്റെ പകർപ്പ് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ ഇല്ല. ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/29.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹892781 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-13 പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന് പൊതു ശ്മശാനം -ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തടസ്സം - ₹2575000

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 63/22 (Spill Over), ഗ്രാമ പഞ്ചായത്തുകളിലെ പൊതു ശ്മശാനത്തിന്റെ അടിസ്ഥാന വികസനത്തിന് ധനസഹായം നൽകൽ |
| അടങ്കൽ | ₹4030262 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹2575000 |
| ബിൽ നം. & തീയതി | 19/2021-22/30.11.2021 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ പൊതു ശ്മശാനത്തിന്റെ അടിസ്ഥാന വികസനത്തിനാണ് ₹2575000 അനുവദിച്ചത്. എന്നാൽ ടി തുകയുടെ വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/27.10.2022 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ ₹2575000 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-14 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

1.പ്രോജക്ട് നമ്പർ ,പേര് -43/22 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ (സ്പിൽ ഓവർ)

അടങ്കൽ - ₹87600 (വികസന ഫണ്ട് ജനറൽ)

ചെലവ് - ₹87600(വികസന ഫണ്ട് ജനറൽ)

- ₹16395 ( തനത് ഫണ്ട്)

ആകെ ചെലവ് - ₹103995

2.പ്രോജക്ട് നമ്പർ ,പേര് -16/22 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ

അടങ്കൽ -₹229500(വികസന ഫണ്ട് (ജനറൽ)

ചെലവ് -₹199500

കരാറുകാരൻ - ശ്രീ.പ്രേമരാജൻ.കെ

പ്രോജക്ട് നമ്പർ 16/22 പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകക്ക് എടുക്കുന്നതിനായി ക്ഷണിച്ച ക്വട്ടേഷൻപ്രകാരം KL13 AH3709 നമ്പർ വാഹനത്തിന്റെ ഉടമയായ ശ്രീ.പ്രേമരാജൻ.കെഎന്ന കരാറുകാരനുമായി (പ്രതിമാസം 2000 കി മീ ഓടുന്നതിന് 28500രൂപ നിരക്കിൽ) 7.6.2021ന്കരാറിലേർപ്പെട്ടിട്ടുണ്ട്. 6/21 മുതൽ 12/21 വരെയുള്ള വാടക ₹ 199500 യും സ്പിൽ ഓവർ പ്രോജക്ട് പ്രകാരം മാർച്ച്,ഏപ്രിൽ,മെയ് മാസങ്ങളിലെ വാടക തുക ₹103995 യും അടക്കം 2021-22വർഷം ₹ 303495 കരാറുകാരന് നൽകിയിട്ടുണ്ട്

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരനിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇൻകം ടാക്സ് കുറവു ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 31/22 തീയ്യതി.31.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും 1% നിരക്കിൽ ആദായനികുതി ₹3035 ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക₹300000, ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 3/22 |
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ |
| അടങ്കൽ<br>ആകെ | ₹ 900000 (വികസന ഫണ്ട് പൊതുവിഭാഗം)<br>₹ 300000 (വായ്പ)<br>₹ 1200000 |
| ചെലവ് തുക ,ബിൽ നം/തീയതി | ₹300000, 63/20.09.2021<br>₹300000, 129/27.12.2021<br>₹ 600000 |

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി സംരംഭത്തിനായി 4 ലക്ഷം രൂപ ലോൺ എടുത്തിട്ടുള്ള രണ്ട് വനിതാസംഘങ്ങൾക്ക് (ശ്യാംലി സ്വയം സഹായ സംഘം,മേന്മ ഫുഡ് ഇൻഡസ്ട്രീസ്)3 ലക്ഷം രൂപ വീതം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ മേന്മ ഫുഡ് ഇൻഡസ്ട്രീസിന് അനുവദിച്ച സബ്സിഡി തുകഏച്ചൂർ സർവ്വീസ് സഹകരണബേങ്കിന്റെ ജില്ലാ ബേങ്ക് അക്കൌണ്ട് നം 1001054000367 ലേക്കുമാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. മേന്മ ഫുഡ് ഇൻഡസ്ട്രീസിന് ബേങ്കിൽ നിന്നും ലോൺ അനുവദിച്ചതിന്റെ രേഖകൾ, ലോൺ പാസ്ബുക്ക് സംരംഭത്തിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ മോണിറ്ററിംഗ് കമ്മിറ്റി ഒപ്പു വെച്ചിട്ടില്ല.)

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറിക്ക് ധനസഹായം-ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറിക്ക് ധനസഹായം-ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 19/2022 |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറിക്ക് ധനസഹായം |
| അടങ്കൽ | 400000(വികസനഫണ്ട്-എസ് സി പി) |
| ചെലവ് | 400000 |
| ബിൽ നം/തീയതി/തുക | ബിൽ നം93/21/22 തീയതി 28.10.2021-50000<br>ബിൽ നം181/21/22 തീയതി 16.02.2022-123000<br>ബിൽ നം230/21/22 തീയതി 21.03.2022-75000<br>ബിൽ നം236/21/22 തീയതി 24.03.2022-77000<br>ബിൽ നം240/21/22 തീയതി 26.03.2022-75000 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയുടെ (സ.ഉ (കൈ.) 22/18/ തസ്വഭവ തീയതി 14.2.2018) ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് താഴെ കൊടുത്ത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പഠനമുറി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | തുക | കെട്ടിടനമ്പർ | വിദ്യാർത്ഥിയുടെ പേര് |
|---|---|---|---|---|---|
| 1 | പ്രിയ പി കെ | 4752108001597 | 50000<br>73000<br>77000 | IX89/A | നയൻ കെ രാജേഷ് |
| 2 | പ്രേമ കണിച്ചേരിയൻ | 40403100004645 | 50000<br>75000<br>75000 | III-523A | സൂര്യശ്രീ കെ |

മേൽ കൊടുത്ത ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ കെട്ടിടത്തിന്റെ അളവിൽ ആവശ്യമായ മാറ്റം രേഖപ്പെടുത്തിയതിന്റെ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(14/2021-22 തീയതി 28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ്- ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 20/2022 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് |

| | |
|---|---|
| അടങ്കൽ | 730000(വികസനഫണ്ട്-എസ് സി പി) |
| ചെലവ് | 730000 |
| ബിൽ നം/തീയതി/തുക | ബിൽ നം38/21/22 തീയതി 06.08.2021-150000<br>ബിൽ നം67/21/22 തീയതി 27.09.2021-290000<br>ബിൽ നം92/21/22 തീയതി 28.10.2021-90000<br>ബിൽ നം206/21/22 തീയതി 14.03.2022-200000 |

2021-22 വർഷം ചുവടെ കൊടുത്ത പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

| ക്രമനം | പഠിതാവിന്റെ പേര് | അക്കൗണ്ട് നം | തുക | പഠനകോഴ്സ് |
|---|---|---|---|---|
| 1 | പാർവ്വതി കെ | 5959120000158 | 15000 | ജനറൽ നഴ്സിംഗ് |
| 2 | അതുൽ കെ പി | 340002010019920 | 20000 | പോളി ടെക്നിക്ക് -ഡിപ്ലോമ |
| 3 | ശ്രീധു കെ | 5959120000239 | 20000 | ബി എ ഹിന്ദി |
| 4 | എം സി അഭിനവ് രവീന്ദ്രൻ | 40424101016761 | 15000 | ഗവ പോളി ഐ ടി ഐ |
| 5 | ആകർഷ് പി | 42412610003373 | 20000 | ബി കോം |
| 6 | അശ്വിൻ കെ | 33041523360 | 30000 | എം ടെക്ക് |
| 8 | അഭിനന്ദ് കെ സി | 201001111000652 | 20000 | ബി എസ് സി ബോട്ടണി |
| 9 | ദിവിത കെ | 67210540213 | 15000 | ജെ പി എച്ച് കാസർഗോഡ് |
| 10 | ജിബിൻ പി | 67350139718 | 15000 | തോട്ടട ഐ ടി |
| 11 | സേവാഗ് കെ | 67350118813 | 20000 | ബി എ മലയാളം |
| 12 | അനിരുദ്ധ് പി പി | 5959120000144 | 20000 | പോളി ഡിപ്ലോമ |

മേൽ കൊടുത്ത ഗുണഭോക്താക്കൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2021-22 തീയതി 28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അഡീഷണൽ പ്രൊജക്ട് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പ്രൊജക്ട് ഓഫീസർ, (അഡീഷണൽ) എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 83/22 |
| പ്രൊജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അഡീഷണൽ പ്രൊജക്ട്. |
| അടങ്കൽ | ₹137835(വികസന ഫണ്ട്) |
| ചെലവ് | ₹137835 (വികസന ഫണ്ട്) |
| ബിൽ നം/തുക /തീയ്യതി | 8/2021-22/₹137835/22.3.2022. |

മേൽ പദ്ധതിയുടെ ഭാഗമായി 22.3.2022-ലെ ബിൽ നം.8/2021-22-ൽ ഉൾപ്പെട്ട 137835രൂപ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 799013100000310എന്ന അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2021-22/28.10.2022) നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പ്രൊജക്ട് ഓഫീസർ, (അഡീഷണൽ) എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 58/22 |
| പ്രൊജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ. |
| അടങ്കൽ | ₹1612165<br>₹862165 (വികസന ഫണ്ട്)<br>₹750000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹1612165<br>₹862165 (വികസന ഫണ്ട്)<br>₹750000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/തുക /തീയ്യതി | 3/2021-22/₹750000/1.12.2021.<br>7/2021-22/₹862165/22.3.2022. |

മേൽ പദ്ധതിയുടെ ഭാഗമായി 1.12.2021-ലെ ബിൽ നം.3/2021-22-ൽ ഉൾപ്പെട്ട 750000രൂപ യിൽ നിന്ന് 250000രൂപയും,22.3.2022 -ലെ ബിൽ നം.7/2021-22-ൽ ഉൾപ്പെട്ട 862165രൂപ യിൽ നിന്ന് 112165 രൂപയും ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 799013100000310എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/2021-22/28.10.2021) ലഭ്യമാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 CHCയിലേക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സാമൂഹ്യആരോഗ്യ കേന്ദ്രം, ഇരിവേരി |
| പ്രോജക്റ്റ് നം. & പേര് | 13/22, CHC ഇരിവേരിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹36,85,579 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹36,85,579 |
| ബിൽ നം. & തീയതി | 33/2021-22 -17.12.2021 |

ഇരിവേരി സാമൂഹ്യആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം ₹36,85,579 KMSCLന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്റ്റിന്റെ പകർപ്പ്, ഇന്റന്റ്, NAC, പ്രൊഫോർമ ഇൻവോയിസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക1-35 പ്രകാരം ₹4,17,292 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ബാക്കിയുണ്ടായിരുന്നു. 26.4.2021 മുതൽ ലഭ്യമായ മരുന്നുകളുടെ ഇൻവോയിസുകൾ ലഭ്യമാക്കിയതിനാൽ 2021-22 വർഷം എത്ര തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ 2021-22 വർഷം ലഭിച്ച മരുന്നുകളുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/29.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 തുടർ സക്ഷരതാ പരിപാടി - രശീത് ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്റ്റിന്റെ നമ്പർ & പേര് | 51/2022 (Spill Over), സമഗ്ര തുടർ സാക്ഷരതാ പരിപാടി |
| അടങ്കൽ | ₹ 26100 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 22400 |
| ബിൽ നമ്പർ & തീയതി | 14/21-22, 28.10.2021 -₹7400<br>15/21-22, 28.10.2021 -₹15000<br>₹22400 |

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് , പരീക്ഷാ ഫീസ് എന്നിവ ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന തുല്യത കോഴ്സുകളിൽ 2021-22 വർഷം ഫീസ് ഒടുക്കിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ എണ്ണം | കോഴ്സ് ഫീ (₹) | ആകെ ഒടുക്കിയ ഫീസ് (₹) |
|---|---|---|---|---|
| 1 | പത്താംതരം | 4 | 1850 | 4X1850<br>7400 |
| | ഹയർ സെക്കന്ററി | 6 | 2500 | 6X2500<br>15000 |
| | | | ആകെ | 22400 |

തുക അടവാക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദേശിച്ചതനുസരിച്ച് മേൽ തുക കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (ഹയർ സെക്കന്ററി അക്കൗണ്ട് നമ്പർ 02880100113107 ലേക്കും പത്താംതരം അക്കൗണ്ട് നമ്പർ 57026996123 ലേക്കും) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ

കൊടുക്കുന്നു.

1. തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും തുടർപഠനം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അപാകങ്ങൾക്ക് വിശദീകരണം/ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം. 3/27.10.2022ന് തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതി, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും തുടർപഠനം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കി ഹാജരാക്കാമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ സി ഡി പി ഒ ഓഫീസിന്റെ അറ്റകുറ്റപ്പണി 2021-22 ലെ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം ഉപയോഗിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ടിന്റെ പേര്&നം | എടക്കാട് സി ഡി പി ഒ ഓഫീസിന്റെ അറ്റകുറ്റപ്പണി |
| അടങ്കൽ | 850000(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ബിൽ നം &തീയതി ,തുക | 29/2021-22 തീയതി 16.07.2021-834383 |
| കരാറുകാരൻ | സി ഉമേഷ് |
| കരാർ തുക | 755404 |
| എഗ്രിമെന്റ് നമ്പർ | AEE/EKD/04/2020-21 Dt 22.09.2020 |
| എം ബുക്ക് | 04/2020-21 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 16.03.2021 |

ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ബ്ലോക്ക് പഞ്ചായത്തിൽ മേൽ പ്രകാരമുള്ള വർക്ക് നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഗുണഭോക്താക്കൾ മെയിന്റനൻസ് വേണമെന്ന് ആവശ്യപ്പെട്ടതായോ എന്തെല്ലാം പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടതെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പറയുന്നില്ല. ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/29.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-23 ചാല ഹയർ സെക്കണ്ടറി സ്കൂളിൽ ടോയിലെറ്റ് ബ്ലോക്ക് നിർമ്മാണം-ബന്ധപ്പെട്ട രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ഈ പട്ടികയിലെ ക്രമനം ലെ VIII. പ്രകാരം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഐ ടി ഐ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം11/2018 /തസ്വഭവ തീയതി. 29.01.2019-ഖണ്ഡിക 7.6 (8)ൽ സർക്കാർ ഹൈസ്കൂളിനോട്/ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ പി,യു പി സ്കൂളുകളിലെ പശ്ചാത്തലവികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. അതുപോലെ 7.6(9)ൽ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ പി, യു പി സ്കൂളുകളിലെ പശ്ചാത്തലവികസന പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും അനുമതി വാങ്ങിച്ചിട്ടുണ്ടെങ്കിൽ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ . | തുക |
|---|---|---|
| 1<br>38/2022-ചാല ഹയർ സെക്കണ്ടറി സ്കൂളിൽ ടോയിലെറ്റ് ബ്ലോക്ക് നിർമ്മാണം<br>അടങ്കൽ ₹851260/- (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 800000&തനത് ഫണ്ട്-51260) | 244/2021-22 തീയതി 26.03.2022 | 782650 |

പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ആസ്തി അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-24 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 45/22 (Spill Over), വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | ₹350000 (തനത് ഫണ്ട്) |
| ചെലവ് | ₹281650 |
| ചെക്ക് നം. & തീയതി | 5963925/16.7.2021 |

1.മേൽ പ്രോജക്ട് പ്രകാരം 10 ലാപ്പ്ടോപ്പ് വാങ്ങുന്നതിന് കെൽട്രോൺ ഐ ടി ബിസിനസ് ഗ്രൂപ്പിന്റെ പ്രഫോമ ഇൻവോയിസ് (27385/20/21 Dt.23.6.2021) പ്രകാരം 2,81,650 രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് അനുവദിച്ചിട്ടുണ്ട്. ഏസർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഹാജരാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം (PYSI121028267/9.6.2021) ലാപ്പ് ടോപ്പിന്റെ വില 2,70,821 രൂപയാണ്. ഇത് പ്രകാരം 10829 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. ടി തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

2.ഗ്രാമ വികസന കമ്മീഷണറുടെ 7.10.2020 ലെ ഡി പി 1/8508/സി ആർ ഡി കത്ത് പ്രകാരം ഓരോ സർക്കിളുകളിലേക്കുമുള്ള ലാപ്പ്ടോപ്പുകൾ അസൈൻ ചെയ്യേണ്ടതാണെന്നും ആയത് പ്രകാരം വി ഇ ഒ മാർക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേക വിതരണ രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ലാപ്പ്ടോപ്പുകൾ നൽകുമ്പോഴും തിരികെ ഏൽപിക്കുമ്പോഴും രജിസ്റ്ററിൽ തീയതി വെച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല (സ്ഥാപനത്തിൽ പൊതുവായ വിതരണ രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്) .

3.ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലാപ്പ് ടോപ്പ് അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/27.10.2022 ന് കെൽട്രോണിൽ നിന്നുള്ള സർവീസ് ചാർജ്ജും അതിന്റെ ജി എസ് ടി യും ഉൾപ്പെടെയുള്ള ബില്ലാണ് കെൽട്രോണിന് നൽകിയതെന്നും ലാപ്പ്ടോപ്പുകൾ വിതരണം ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും

ഉദ്യോഗസ്ഥർ സ്ഥലം മാറി പോകുമ്പോൾ ചാർജ്ജ് കൈമാറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും, ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലാപ്ടോപ്പ് അനുവദിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ക്രമ നമ്പർ 2-ൽ പരാമർശിച്ച ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശാനുസരണമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-25 ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-₹91800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 25/22 |
| പ്രൊജക്റ്റിന്റെ പേര് | എടക്കാട് ക്ഷീരവികസന ഓഫീസ് ചെലവുകൾ. |
| അടങ്കൽ | ₹118800(വികസനഫണ്ട്) |
| ചെലവ് | ₹118800(വികസനഫണ്ട്) |

(എ) മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 118800-രൂപയിലെ 14.8.2021-ലെ ബിൽ നം.41-ൽ ഉൾപ്പെട്ട 10000രൂപ, 29.11.2021-ലെ ബിൽ നം 110-ൽ ഉൾപ്പെട്ട 8000രൂപ,25.2.2022-ലെ ബിൽ നം 183-ൽ നിന്ന് 23800(33800രൂപയിൽ ഉൾപ്പെട്ടത്) രൂപയും ഉൾപ്പെടെ 41800രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും റിപ്പയറും മെയിന്റനൻസും നടത്തിയിട്ടുണ്ട്. പ്രസ്തുത കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാറണ്ടി പിരീഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ (സർക്കുലർ നമ്പർ 86/2010/ഫിൻ-തീയ്യതി-24.9.2010 ൽ നിർദ്ദേശിച്ച പ്രകാരം) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച ചെലവ് തുകകളുടെ കൃത്യത പരിശോധിക്കാന് സാധിച്ചിട്ടില്ല.

(ബി)മേൽ പദ്ധതിയുടെ ഭാഗമായി ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി താൽകാലിക നിയമനം നടത്തിയവരുടെ (റീഷ.കെ.സി,ജീജ.ടി)നിയമനം സംബന്ധിച്ച നടപടി ക്രമങ്ങൾ ,മസ്റ്റർ റോൾ, തുക കൈപ്പറ്റ് സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതിയുടെ ഭാഗമായി 10.2.2022-ലെ ബിൽ നം.167 പ്രകാരം റീഷ.കെ.സി-യുടെ 67101306437 എന്ന എസ്.ബി.ഐ അക്കൗണ്ട് നമ്പറിലേക്ക് 10000രൂപ,ജീജ.ടി-യുടെ 520101041763651 എന്ന അക്കൗണ്ട് നമ്പറിലേക്ക് 10000രൂപ,4.3.2022-ലെ ബിൽ നം.195 പ്രകാരം യഥാക്രമം രണ്ടുപേരുടെയും അക്കൗണ്ട് നമ്പറിലേക്ക് 10000 രൂപ വീതവും,27.3.2022-ലെ ബിൽ നം.243 പ്രകാരം റീഷ.കെ.സി-യുടെ അക്കൗണ്ട് നമ്പറിലേക്ക് അനുവദിച്ച 10000 രൂപയും ഉൾപ്പെടെ 50000 രൂപയുടെയും ചെലവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29/2021-22/31.10.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുകളിൽ പരാമർശിച്ച ചെലവ് തുകയിൽ ഉൾപ്പെട്ട 91800 (41800+50000) രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 എടക്കാട് ക്ഷീരവികസന ഓഫീസിൽ ഇൻവർട്ടർ സ്ഥാപിക്കൽ - 85000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 26/22 |
| പ്രൊജക്റ്റിന്റെ പേര് | എടക്കാട് ക്ഷീരവികസന ഓഫീസിൽ ഇൻവർട്ടർ സ്ഥാപിക്കൽ. |
| അടങ്കൽ | ₹85000(വികസനഫണ്ട്) |
| ചെലവ് | ₹85000(വികസനഫണ്ട്) |
| ബിൽ നം/തുക /തീയ്യതി | 14/2021-22/₹85000/25.3.2022. |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 13.3.2022-ലെ ഇൻവോയ്സ് നം.50 പ്രകാരം 85000രൂപ SUN TECH INFORMATICS KANNUR എന്ന സ്ഥാപനത്തിന്റെ 39807269876-എന്ന എസ്.ബി.ഐ അക്കൗണ്ട് നമ്പറിൽ അനുവദിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത പദ്ധതിക്കായി തുക അനുവദിച്ചപ്പോൾ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീയ്യതി-

8.11.2010 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/2021-22/31.10.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള ലിമിറ്റഡ് ടെണ്ടർ നടപടി ക്രമങ്ങൾ അംഗീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഭരണസമിതി അംഗീകരിച്ചതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. കൂടാതെ PWD ഇലക്ട്രോണിക്സ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള വാറണ്ടി പിരീഡ് മുതലായവ രേഖപ്പെടുത്താതെയുള്ള പർച്ചേസ് ബില്ലുമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ചെലവഴിച്ച 85000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം / രേഖകൾ ഹാജരാക്കിയിട്ടില്ല

1.2021-22 വർഷം എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവഴിച്ച തുക (₹) | ബിൽ നം. & തീയതി,തുക (As Per ACR) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 9/22 | ബഡ്സ് സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് വിഹിതം നൽകൽ | 200000 (വികസന ഫണ്ട്) | 200000 | 182/ 22.2.2022 ₹200000 | കൊളച്ചേരി ഗ്രാമ പഞ്ചായത്ത് |
| 2 | 10/22 | ലൈഫ് മിഷൻ - പി എംഎവൈ - ഭൂരഹിത ഭവനരഹിതർക്ക് ധനസഹായം - ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ) | 3937868 (വികസന ഫണ്ട്) 1200000 (കേന്ദ്ര വിഹിതം) 100000 (തനത് ഫണ്ട്) | 3937868 (വികസന ഫണ്ട്) 9132 (തനത് ഫണ്ട്) | 12/24.6.2021 ₹20000<br>13/24.6.2021 ₹165116<br>14/28.6.2021 ₹580000<br>16/29.6.2021 ₹41884<br>18/30.6.2021 ₹100000<br>20/5.7.2021 ₹480000<br>26/12.7.2021 ₹120000<br>33/28.7.2021 180000<br>35/28.7.2021 ₹240000<br>46/13.8.2021 ₹200000<br>59/17.9.2021 ₹200000<br>61/17.9.2021 ₹120000 | കടമ്പൂർ -₹100000<br>കൊളച്ചേരി ₹1357868<br>മുണ്ടേരി- ₹1460000<br>പെരളശ്ശേരി ₹1020000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 62/17.09.2021 ₹200000<br>63/18.9.2021 ₹100000<br>84/18.10.2021 ₹300000<br>87/26.10.2021 ₹160000<br>138/31.12.2021 ₹99042<br>168/5.2.2022 ₹100000<br>185/23.2.2022 ₹174933<br>208/14.3.2022 ₹356893 | |
| ആകെ | | | 5237868 | 3947000 | 3987868 | 3987868 |
| 3 | 17/22 | ലൈഫ് മിഷൻ – ഭൂരഹിത ഭവനരഹിതർക്ക് ധനസഹായം – ബ്ലോക്ക് വിഹിതം നൽകൽ (പട്ടികജാതി) | 1864000 (എസ് സി പി) | 1864000 | 15/29.6.2021 ₹600000<br>60/17.9.2021 ₹340000<br>139/31.12.2021 ₹300000<br>140/31.12.2021 ₹88000<br>149/12.1.2022 ₹200000<br>175/9.2.2022 ₹136000<br>176/11.2.2022 ₹100000<br>177/11.2.2022 ₹100000 | കൊളച്ചേരി ₹1464000<br>പെരളശ്ശേരി ₹200000<br>കടമ്പൂർ ₹100000<br>ചെമ്പിലോട് ₹100000<br>1864000 |

2. ലൈഫ് മിഷൻ പദ്ധതിയുമായി (ക്രമ നം.2) ബന്ധപ്പെട്ട് 4 ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം ₹3947000 ചെലവുണ്ട് എന്നാൽ വികസന ഫണ്ട് (3937868) ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് ഹാജരാക്കിയത്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹9132 ഏത് ഗ്രാമ പഞ്ചായത്തിനാണ് നൽകിയതെന്ന വിവരം ലഭ്യമല്ല.

3. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ ഹാജരാക്കുവാനും എത്ര ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങിച്ചിട്ടുണ്ടെന്നും ഭൂമി വാങ്ങിയ എത്ര ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/ 27.10.2022 ന് ലൈഫ് ഭവന നിർമ്മാണ പദ്ധതി ചുമതല ഗ്രാമ പഞ്ചായത്ത് തലത്തിലാണെന്നും ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്തിലേക്ക് വിഹിതം കൈമാറുകയാണ് ചെയ്യുന്നതെന്നും പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് മറ്റു രേഖകൾ എന്നിവ ഗ്രാമ പഞ്ചായത്തിലാണെന്നും മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഗ്രാമ പഞ്ചായത്തിന് പദ്ധതിയുമായി ബന്ധപ്പെട്ട് തുക അനുവദിക്കുമ്പോൾ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട

ഗുണഭോക്തൃ ലിസ്റ്റ്പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതും, ഗുണഭോക്താക്കൾ പദ്ധതി പണം ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്കുണ്ട്.

ക്രമ നം. 1, 2 ൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം/രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 പാലിന് സബ്സിഡി -മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 21/22 |
| പ്രൊജക്ടിന്റെ പേര് | പാലിന് സബ്സിഡി |
| അടങ്കൽ | ₹1500000 (വികസന ഫണ്ട്) |
| ചെലവ് | ₹1500000 (വികസന ഫണ്ട്) |
| ബിൽ നം/തുക /തീയ്യതി | (1)6/2021-22/₹450000 /4.12.2021.<br>(2)201/₹500000 /1.2.2022.<br>(3)173/₹200000 /30.11.2021.<br>(4)219/₹280000 /4.3.2022<br>(5)273/₹70000 /16.3.2022. |

(എ) മുകളിൽ പരാമർശിച്ച 2,3,4,5 ക്രമനമ്പറിലുള്ള ബിൽ നമ്പറുകളിൽ നിന്ന് യഥാക്രമം കൊളച്ചേരി, ചെമ്പിലോട്, മുണ്ടേരി, കടമ്പൂർ ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചത് സംബന്ധിച്ച ക്ഷീര വികസന ഓഫിസറുടെ ഉത്തരവിന്റെ പകർപ്പും,വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കിയിട്ടില്ല.

(ബി) മേൽ പദ്ധതിയുടെ ഭാഗമായി 4.12.2021-ലെ ബിൽ നം.6/2021-22-ൽ ഉൾപ്പെട്ട 450000രൂപ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 79901310000188എന്ന അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/2021-22/31.10.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതി നിർവഹണത്തിനായി (പ്രോജക്ട് നം.1/22) വികസന ഫണ്ടിൽ നിന്ന് 29071 രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.11/2021-22/30.9.2021) ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് (എൻക്വയറി നം.2/27.8.2022)

## 1-30 കൈമാറി കിട്ടിയ സ്ഥാപനങ്ങൾ സബ്സിഡിയറി ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല

ജി ഒ (പി )നമ്പർ 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് - ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണം എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കൃഷി അസിസ്റ്റന്റ്

ഡയറക്ടർ, മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, എന്നിവർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ പരാമർശിച്ച പ്രകാരമുള്ള സബ്സിഡയറി ക്യാഷ് ബുക്ക് സക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.10.2022, 26.10.2022 | കെ.എസ്.എ./കെ.എൻ.ആർ/ സി.6/1588/2022 തീയതി: 04.02.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 2021-22 | 70,000 | പി.എം.എ.വൈ(ജ) 2019-20 ധന സഹായം ഗ്രാമപഞ്ചായത്ത് വിഹിതം -56/22 | 70,000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 4-12 | 1999-00 | 30 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45773173 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54009215 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3946351 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1770 | ശ്രീമതി നിഷ പാലത്തടത്തിൽ (ശിശു വികസന പദ്ധതി ഓഫീസർ) |
| 1-12 | 892781 | ഡോ.മായ<br>മെഡിക്കൽ ഓഫീസർ സി എച്ച് സി |
| 1-13 | 2575000 | ശ്രീ.രജീഷ്.ആർ നാഥ് (സെക്രട്ടറി ) |
| 1-15 | 300000 | ശ്രീ.വിനോദ് നരിക്കോടൻ വ്യവസായ വികസന ഓഫീസർ |
| 1-25 | 91800 | ഡോ.ജയൻ.എൻ.വി<br>(ക്ഷീര വികസന ഓഫീസർ) |
| 1-26 | 85000 | ഡോ.ജയൻ.എൻ.വി<br>(ക്ഷീര വികസന ഓഫീസർ) |
| ആകെ | 3946351 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ഡോ.ജയൻ.എൻ.വി (ക്ഷീര വികസന ഓഫീസർ) | ക്ഷീര വികസന ഓഫീസർ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | മണാല്യ മാലിൻ,<br>ഏ-വൺ റോഡ്,<br>തോട്ടട.പി.ഒ, |
| ശ്രീമതി.നിഷ പാലത്തടത്തിൽ (ശിശു വികസന പദ്ധതി ഓഫീസർ) | ശിശുവികസന പദ്ധതി ഓഫീസർ, ഇരിക്കൂർ അഡീഷണൽ | പാലത്തടത്തിൽ ഹൗസ്, പടിയൂർ പി.ഒ. |
| ഡോ.മായ.കെ (മെഡിക്കൽ ഓഫീസർ സി എച്ച് സി ) | മെഡിക്കൽ ഓഫീസർ,<br>സി എച്ച് സി,<br>സി എച്ച് സി-ഇരിവേരി | യദുകുലം ,<br>തയ്യിൽ.പി ഒ,<br>മരക്കാർകണ്ടി |
| ശ്രീ.രജീഷ്.ആർ. നാഥ്, സെക്രട്ടറി | സെക്രട്ടറി ,<br>എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | ചൈത്രം,<br>എലിയാറക്കൽ,<br>കോന്നി,<br>പത്തനംതിട്ട |
| ശ്രീ.വിനോദ് നരിക്കോടൻ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | ശ്രീപദം,<br>എരുവട്ടി.പി.ഒ,<br>കതിരൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 6 |
| 1999-00 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 1 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 1 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 3 |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 3 |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 3 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 15 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 15 |
| 2010-11, 2011-12 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 22 |
| 2012-13,2013-14, 2014-15 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 3 |

| | | |
|---|---|---|
| 2015-16 | എൽ.എഫ് /കെ.എൻ.ആർ/ സി.6/52 /2018തീ. 11-4-2018 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/1969/2017 തീ.22-12-2017 | 8 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/30/2019 തീ.17-01-2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/696/2020 Dt 30.12.2020 | 12 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/463/2022 Dt 26.05.2022 | 19 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/462/2022 Dt27-05-2022 | 28 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## RECEIPT & PAYMENT STATEMENT

Edakkad Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16942776.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 45653.00 |
| 150000000 | Sale & Hire Charges | RP-5 | 5965.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36237451.00 |
| 171000000 | Interest Earned | RP-9 | 209.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8582756.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4298.00 |
| 350000000 | Other Liabilities | RP-36 | 308596.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 486589.00 |
| 460000000 | Loans, Advances and Deposits | RP-47 | 98656.00 |
| | Grand total | | 62715949.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3729957.00 |
| 220000000 | Administrative Expenses | RP-12 | 559696.00 |
| 230000000 | Operations & Maintenance | RP-13 | 704433.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7112600.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17121057.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2839756.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 165988.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 138000.00 |
| 255000000 | Maintenance Projects | RP-20 | 3143620.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 23250.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 512500.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -128599.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1164042.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 47000.00 |
| 350000000 | Other Liabilities | RP-36 | 402330.00 |
| 410000000 | Fixed Assets | RP-38 | 415182.00 |
| 412000000 | Capital work in Progress | RP-40 | 1045387.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 14268215.00 |
| 460000000 | Loans, Advances and Deposits | RP-47 | 744801.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8706734.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 62715949.00 |

## അനുബന്ധം-3-2

## INCOME & EXPENDITURE STATEMENT

| |
|---|
| Edakkad Block Panchayat<br>INCOME & EXPENDITURE STATEMENT |
| For the period from 01-April-2021 to 31-March-2022 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 529546.00 |
| 140000000 | Fee & User Charges | I-4(b) | 45653.00 |
| 150000000 | Sale & Hire Charges | I-5(b) | 5965.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 39664536.00 |
| 171000000 | Interest Earned | I-8 | 209.00 |
| 180000000 | Other Income | I-9 | 4298.00 |
| | Total Income | | 40250207.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3729957.00 |
| 220000000 | Administrative Expenses | I-11(b) | 559696.00 |
| 230000000 | Operations & Maintenance | I-12(b) | 704433.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7112600.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17121057.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3369647.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 165988.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 138000.00 |
| 255000000 | Maintenance Projects | I-14(e) | 3143620.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 23250.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 512500.00 |
| 272000000 | Depreciation | I-17(a) | 3964135.00 |
| | Total Expenditure | | 40544883.00 |
| | Gross Surplus/ Deficit of income over Expenditure | | -294676.00 |
| 280000000 | Prior Period Item | I-18 | -128599.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -166077.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## BALANCE SHEET

| |
|---|
| Edakkad Block Panchayat<br>BALANCE SHEET |
| As on 31-March-2022 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 850352.00 |
| 312000000 | Reserves | B-3 | 69912095.00 |
| | Total Reserve & Surplus | | 70762447.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8595537.00 |
| | Total Grants, Contributions for Specific Purposes | | 8595537.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1595669.00 |
| 350000000 | Other Liabilities | B-9 | 13300.00 |
| | Total Current Liabilities and Provisions | | 1608969.00 |
| | TOTAL LIABILITIES | | 80966953.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 82957456.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -27228324.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 55729132.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 15642357.00 |
| 450000000 | Cash and Bank Balance | B-17 | 8706734.00 |
| 460000000 | Loans, Advances and Deposits | B-18 | 888730.00 |
| | Total Current Assets, Loans and Advances | | 25237821.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | |
|---|---|
| TOTAL ASSETS | 80966953.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.